**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2876** **28-02-2023 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ നദികളിൽ നിന്നും തോടുകളിൽനിന്നും നീക്കം ചെയ്ത മണൽ ലേലം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | 2021 ഒക്ടോബർ മാസമുണ്ടായ ഉരുൾപ്പൊട്ടലിലും പ്രളയത്തിലും പൂഞ്ഞാർ മണ്ഡലത്തിലെ വിവിധ നദികളിലും അവയുടെ പോഷക നദികളിലും ചെക്ക് ഡാമുകളിലും നദികളോടനുബന്ധിച്ചുള്ള കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകളിലും അടിഞ്ഞുകൂടിയ മണ്ണും ചെളിയും മാലിന്യങ്ങളും വാരിയെടുത്ത് വിവിധ സ്ഥലങ്ങളിൽ നിക്ഷേപിച്ചിരിക്കുന്നത് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | പ്രളയാനന്തരം വിവിധ നദികളിലും അവയുടെ പോഷക നദികളിലും അടിഞ്ഞുകൂടിയ മണ്ണും, എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന്റെ ഭാഗമായി മീനച്ചിലാറിലും, മണിമലയാറിലും അവയുടെ പോഷക നദികളിലും അടിഞ്ഞുകൂടിയ മാലിന്യങ്ങൾ വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ [(എം.ഐ.)ഡിവിഷൻ പത്തനംതിട്ട, ഇറിഗേഷൻ ഡിവിഷൻ, കോട്ടയം] നേതൃത്വത്തിൽ നീക്കം ചെയ്ത് ലേല നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാകളക്ടർമാർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർ നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ കോട്ടയത്തിന്റെ കാര്യാലയത്തിൽ നിന്നും ലേലം ചെയ്ത് നീക്കം ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ച് വരുന്നു. കൂടാതെ, പൊളിച്ചുമാറ്റിയ കൂട്ടിക്കൽ ചെക്ക് ഡാമിൽ അടിഞ്ഞുകൂടിയ എക്കലും ചെളിയും നീക്കം ചെയ്യുന്നതിനു വേണ്ടി കോട്ടയം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. |
| (ബി) | ജലാശയങ്ങളിലെ മണ്ണും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ പദ്ധതി പ്രകാരം പ്രസ്തുത മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നും നീക്കം ചെയ്ത മണൽ ലേലം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | പ്രളയാനന്തരം വിവിധ നദികളിലും അവയുടെ പോഷക നദികളിലും അടിഞ്ഞുകൂടിയ മണ്ണും, എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന്റെ ഭാഗമായി മീനച്ചിലാറിലും, മണിമലയാറിലും അവയുടെ പോഷക നദികളിലും അടിഞ്ഞുകൂടിയ മാലിന്യങ്ങൾ വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ [(എം.ഐ.)ഡിവിഷൻ പത്തനംതിട്ട, ഇറിഗേഷൻ ഡിവിഷൻ, കോട്ടയം] നേതൃത്വത്തിൽ നീക്കം ചെയ്ത് ലേല നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാകളക്ടർമാർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർ നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ |

| | | | |
|---|---|---|---|
| | | | കോട്ടയത്തിന്റെ കാര്യാലയത്തിൽ നിന്നും ലേലം ചെയ്ത് നീക്കം ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ച് വരുന്നു. കൂടാതെ, പൊളിച്ചുമാറ്റിയ കൂട്ടിക്കൽ ചെക്ക് ഡാമിൽ അടിഞ്ഞുകൂടിയ എക്കലും ചെളിയും നീക്കം ചെയ്യുന്നതിനു വേണ്ടി കോട്ടയം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ